വാമനപുരം നിയോജക മണ്ഡലത്തിലെ ഫെയർ വാല്യൂ നിർണ്ണയം

122 (1158) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിലാണ് ഭൂമിയുടെ ഫെയർ വാല്യൂ ഇനിയും നിശ്ചയിക്കാനുള്ളതെന്ന് അറിയിക്കുമോ ; ഇക്കാര്യത്തിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ ;

(ബി) ഫെയർ വാല്യൂ നിശ്ചയിക്കാത്ത സ്ഥലങ്ങളിൽ ഇത് അടിയന്തരമായി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ എല്ലാ വില്ലേജുകളിലേയും ഫെയർ വാല്യൂ ഇതിനകം തന്നെ മറ്റു വില്ലേജുകളോടൊപ്പം നിശ്ചയിച്ചിട്ടുണ്ട്.

(ബി) എല്ലാ വില്ലേജുകളിലും ഭൂമിയുടെ ന്യായവില നിശ്ചയിച്ചിട്ടുണ്ടെങ്കിലും ചില സർവ്വേ നമ്പരുകളിലെ ഫെയർ വാല്യൂ നിശ്ചയിക്കുവാൻ വിട്ടുപോയിട്ടുണ്ട്. ആയവയ്ക്കും പുതിയതായി രൂപപ്പെടുന്ന സബ്ഡിവിഷനുകൾക്കും ന്യായവില നിശ്ചയിച്ച് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ഭൂമി കേരളം പദ്ധതി

123 (1159) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതർക്ക് ഭൂമി നൽകുന്ന ഭൂമികേരളം പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ എത്ര ഗുണഭോക്താക്കൾക്കാണ് പട്ടയവും അനുബന്ധ രേഖകളും നൽകിയിരുന്നത് ;

(ബി) പ്രസ്തുത ഗുണഭോക്താക്കൾക്ക് പട്ടയം ലഭിച്ചുവെങ്കിലും വിവിധ കാരണങ്ങളാൽ അവ ലഭ്യമാകാതെ വന്ന എത്രപേർ ഉണ്ട് ;

(സി) കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജകമണ്ഡലത്തിൽപ്പെട്ട വില്ലേജ് ഓഫീസുകളുടെ പരിധിയിൽ പട്ടയം ലഭിച്ചിട്ടും ഭൂമി ലഭ്യമാകാതിരുന്നവർ എത്ര ; വില്ലേജ് ഓഫീസ് അടിസ്ഥാനത്തിൽ മേൽവിലാസം സഹിതം അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly